## പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2997

07.02.2018-ന് മറുപടിയ്ക്ക്

### രണ്ടാം ഘട്ട പാഠപുസ്തക വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | രണ്ടാം ഘട്ട പാഠപുസ്തക വിതരണം യഥാസമയം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | 2017-18 അദ്ധ്യയന വർഷത്തെ രണ്ടാം വാല്യം പാഠപുസ്തകങ്ങൾ 2017 ആഗസ്റ്റ് മാസം ഏഴാം തീയതി മുതൽ ആരംഭിക്കുകയും ഒക്റ്റോബർ മാസം അഞ്ചാം തീയതിയ്ക്കകം ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം വാല്യം പാഠപുസ്തകങ്ങൾ ഒന്നുമുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലെ 22 ടൈറ്റിലുകളിലായി 21 ലക്ഷം അച്ചടിച്ച് വിതരണം ചെയ്യുവാൻ ബാക്കിയുണ്ടായിരുന്നു.<br>ആയത് പരിഹരിക്കുന്നതിലേക്കായി 20.09.2017-ൽ വിദ്യാഭ്യാസ അധികൃതരും കെ.ബി.പി.എസ് അധികൃതരുമായി ചർച്ച ചെയ്യുകയും ഈ കാലതാമസം അടിയന്തിരമായി ഒഴിവാക്കുവാനുള്ള നടപടികൾ കൈക്കൊള്ളുകയും 2017 ഒക്ടോബർ അഞ്ചാം തീയതിയ്ക്കുള്ളിൽ ഇൻഡന്റ് ചെയ്തത് പ്രകാരമുള്ള പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ എത്തിയ്ക്കുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തു. |

(ബി) അച്ചടിവകുപ്പിന്റെ നിസ്സഹകരണമാണ് ഈ സ്ഥിതിവിശേഷത്തിന് ഇടയാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇല്ല. 2017-18 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്. മുഖേനയാണ് അച്ചടിച്ച് വിതരണം നടത്തിയത്. ആയതിനാൽ ഇക്കാര്യത്തിൽ അച്ചടി വകുപ്പിന്റെ സഹകരണം ആവശ്യമായിട്ടില്ല.

(സി) രണ്ടാം ഘട്ട പാഠപുസ്തക വിതരണം പൂർത്തിയാക്കുന്നതിന് എത്ര കാലതാമസം ഉണ്ടായിട്ടുണ്ട്; ഏത് തലത്തിലുള്ള വീഴ്ചയാണ് പ്രസ്തുത സ്ഥിതിവിശേഷം ഉണ്ടാക്കിയത്; ഇത്തരത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

(സി) ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിലെ രണ്ടാം വാല്യം പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിൽ 10 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്. 2017 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ഉണ്ടായിട്ടുള്ള തുടർച്ചയായ പൊതുഅവധികൾ മൂലമാണ് ഇപ്രകാരം സംഭവിച്ചത്. എന്നിരുന്നാലും 2017 ഒക്ടോബർ അഞ്ചാം തീയതി തന്നെ സ്കൂളുകൾ ഇൻഡന്റ് ചെയ്ത പ്രകാരമുള്ള പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ എത്തിച്ചിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ഒന്നുംതന്നെ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ